# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
## തിരുവനന്തപുരം

**ഹാജർ : ഫാ. ഫിലിപ് പരക്കാട്ട് (മെമ്പർ)**

**തീയതി : 15-02-2021**

**സി.ആർ.എം.പി നമ്പർ. 5467/01-C/C1/2020/KeSCPCR**

**ഹർജികക്ഷി** : ബി. ശ്രീകുമാർ
(bsreekumar@gmail.com)

**എതിർകക്ഷികൾ :**
1) ലേബർ കമ്മീഷണർ
ലേബർ കമ്മീഷണറുടെ കാര്യാലയം
തൊഴിൽ ഭവൻ, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം- 695 033

2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ടെക്നോ പാർക്ക് ക്യാമ്പസ്,
തിരുവനന്തപുരം - 695 581

3) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ഇൻഫോ പാർക്ക്, കൊച്ചി കാക്കനാട് കനയന്നൂർ
എർണാകുളം - 682 042

4) ഗവർമെന്റ് സെക്രട്ടറി
ഇൻഫോർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റ്
ഗവ: സെക്രട്ടേറിയറ്റ്, തിരുവനന്തപുരം - 695 001

## ഉത്തരവ്

1) തിരുവനന്തപുരം ടെക്നോപാർക്കിലും, കൊച്ചി ഇൻഫോ പാർക്കിലുമുള്ള ഐ.ടി കമ്പനികൾ ചെറിയ കുട്ടികളുടെ അമ്മമാരെ വിദേശത്ത് ഓൺ സൈറ്റ് ജോലികൾക്കായി അയക്കാറുണ്ടെന്നും, ആയത് കുട്ടികൾക്ക് അവരുടെ അമ്മമാരിൽ നിന്നും ലഭിക്കേണ്ട പരിചരണം നഷ്ടമാക്കുന്നുവെന്നും, അടുത്ത നാളിൽ വളരെ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ അഡ്മിറ്റായ ഒരു കുട്ടിയെ കാണുന്നതിനായി ആശുപത്രിയിൽ എത്തിയ അമ്മ വൈകാതെതന്നെ തിരിച്ച് ജോലിസ്ഥലത്തേയ്ക്ക് തിരിച്ചുപോകേണ്ടി വന്നുവെന്നും, ആ നടപടിയെ മഹത്വവൽക്കരിക്കുന്ന രീതിയിലാണ് സഹപ്രവർത്തകർ പ്രതികരിച്ചതെന്നും, ഇത്തരം സ്ഥാപനങ്ങൾ മാനുഷ്യകതയും, മൂല്യങ്ങളും നഷ്ടപ്പെട്ട രീതിയാണ് പ്രവർത്തിക്കുന്നതെന്നും, ആയതിനാൽ 5 വയസ്സിന് താഴെ പ്രായമുള്ള കുഞ്ഞുങ്ങളുള്ള അമ്മമാരെ ഓൺ സൈറ്റ് ജോലികൾക്ക് വിടാൻ പാടില്ലെന്ന് ഐ.ടി കമ്പനികൾക്ക് നിർദ്ദേശം നൽകണമെന്നും മറ്റുമാണ് ഹർജി.

2) തുടർന്ന് എതിർകക്ഷികളോട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മീഷൻ നിർദ്ദേശിച്ചു.

3) ഒന്നാം എതിർകക്ഷി സമർപ്പിച്ച 01.02.2020-ലെ ഇ.എൻ(2)12526/2020 നമ്പർ റിപ്പോർട്ടിൽ തൊഴിൽ നിയമങ്ങൾ അനുസരിച്ച് നിശ്ചിത സേവന വ്യവസ്ഥകൾ പ്രകാരം ഏതൊരു തൊഴിൽ സ്ഥാപനത്തിനും ഭാരതത്തിൽ പ്രവർത്തിക്കാവുന്നതാണെന്നും, അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ അമ്മമാരെ വിദേശങ്ങളിൽ ജോലിയ്ക്കായി കമ്പനികൾ അയയ്ക്കാൻ പാടില്ലായെന്ന് തൊഴിൽ നിയമങ്ങളിൽ ഒന്നും തന്നെ പ്രസ്താവിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ തൊഴിൽ വകുപ്പിന് ഇടപെടാൻ കഴിയില്ലെന്നും ബോധിപ്പിച്ചു.

4) രണ്ടാം എതിർകക്ഷി സമർപ്പിച്ച 07.12.2020-ലെ ETPK/Legal/CD/2020/1070 നമ്പർ റിപ്പോർട്ടിൽ ടെക്നോപാർക്കിലേയോ, ഇൻഫോ പാർക്കിലേയോ ഏതെങ്കിലും വനിതാ ജീവനക്കാരെ നിർബന്ധിച്ച് ഓൺ സൈറ്റ് പ്രോജക്ട് വർക്കിന് വിട്ടിട്ടുള്ളതായി ഇതുവരെ പരാതികളൊന്നും ലഭിച്ചിട്ടുള്ളതായി അറിയിച്ചില്ലെന്നും, ചില വനിതാ ജീവനക്കാർ അവരുടെ ജോലിയിലുള്ള ഉയർച്ച ലക്ഷ്യമാക്കി വിദേശ ഓൺ സൈറ്റ് പ്രോജക്ട് സ്വന്തം ഇഷ്ട പ്രകാരം ഏറ്റെടുക്കാറുണ്ടെന്നും, മറ്റു തൊഴിൽ മേഖലയ്ക്കും വിഭിന്നമായി സ്വന്തം വീട്ടിലിരുന്ന് ജോലി ചെയ്യുന്നതിനും സ്ത്രീ ജീവന ക്കാർക്ക് ഇന്ന് അവസരമുണ്ടെന്നും, ഏതെങ്കിലും വ്യക്തിക്ക് ഏതെങ്കിലും കമ്പനിയുടെ നടപടി യിൽ അതൃപ്തിയുണ്ടെങ്കിൽ പരാതി നൽകിയാൽ പരിശോധിക്കാവുന്നതാണെന്നും, 5 വയസ്സിന് താഴെ വയസ്സുള്ള കുട്ടികൾ ഉണ്ട് എന്ന കാരണത്താൽ വിദേശത്ത് ഓൺ സൈറ്റ് പ്രോജക്ടിൽ പങ്കെടുത്ത് കരിയർ വളർച്ചയ്ക്കുള്ള അവസരം നഷ്ടമാക്കുന്ന തരത്തിലുള്ള നിർദ്ദേ ശങ്ങൾ നൽകുന്നത് ഉചിതമാകില്ലെന്നും, ഓൺ സൈറ്റ് പ്രോജക്ടിൽ പങ്കെടുക്കണമോ, വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് വനിതാ ജീവനക്കാരിയായിരിക്കുമെന്നും, നിയമം വഴിയാ യുള്ള നിയന്ത്രണം ശരിയല്ലെന്നും ബോധിപ്പിച്ചു.

5) കുഞ്ഞുങ്ങൾക്ക് ശൈശവാസ്ഥയിൽ പ്രത്യേകിച്ചും മുലയൂട്ടപ്പെടേണ്ട പ്രായത്തിൽ അമ്മയുടെ സ്നേഹവും പരിലാളനയും ലഭിക്കേണ്ടത് അനിവാര്യമാണ്. ഇന്നത്തെ കാലത്ത് കൂടുതൽ അമ്മമാർ ഐ.ടി കമ്പനികളിൽ തൊഴിൽ ചെയ്യുന്നുമുണ്ട്. പലപ്പോഴും ഇത്തരം തൊഴിലുകൾ കുട്ടിയുടെ പരിചരണത്തിന് കുറവുകൾ വരുത്തുന്നുമുണ്ട്. പക്ഷേ അതോടൊപ്പം ഇത്തരം അമ്മമാർ കൂടി തൊഴിൽ ചെയ്തെങ്കിലേ ഇന്നത്തെക്കാലത്ത് കുട്ടിയുടെയും കുടുംബത്തി ന്റെയും നിലനിൽപ്പും സാധ്യമാകുന്നുള്ളൂ. ഒരു തൊഴിലിൽ പ്രവേശിക്കുമ്പോൾ തന്നെ ആ തൊഴിൽ മേഖലയിലുള്ള നിബന്ധനകൾ അംഗീകരിക്കുവാൻ ജീവനക്കാർ ബാധ്യസ്ഥരാണ്. തുടർന്ന് പ്രസ്തുത മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വിദേശ സൈറ്റുകളിൽ തൊഴിൽ ചെയ്യുന്നതിന് ജീവനക്കാരി നിർബന്ധിതയാകുകയാണെങ്കിൽ കമ്പനി അധികൃതർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കേണ്ടതാണ്. സ്വന്തം കുട്ടിയുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്ന രീതിയിൽ ആകണം അമ്മമാർ തീരുമാനമെടുക്കേണ്ടത്. അതേ സമയം 5 വയസ്സിനുതാഴെ പ്രായമുള്ള കുട്ടികളുടെ അമ്മമാരായ, ഐ.ടി മേഖലയിൽ ജോലി ചെയ്യുന്ന അമ്മമാർ വിദേശത്ത് ജോലിക്ക് പോകാൻ പാടില്ലെന്നോ, കമ്പനി അവർക്ക് അവസരം നൽക ണ്ടെന്നോ ഒരു പൊതു നിയമം ഉണ്ടാക്കുന്നതും നിലവിലെ സാഹചര്യത്തിൽ അനിവാര്യമാണെന്ന് കമ്മീഷൻ കരുതുന്നില്ല. എന്നിരുന്നാലും കുട്ടികളുടെ പ്രത്യേകിച്ച് മുലയൂട്ടപ്പെടുന്ന കുഞ്ഞുങ്ങ ളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ അമ്മമാരായ ഐ.ടി കമ്പനി ജീവനക്കാർ ശ്രദ്ധരായി രിക്കേണ്ടതാണ്. കൂടാതെ മുലയൂട്ടുന്ന കുട്ടികളുടെ അമ്മമാരായ ജീവനക്കാരെ അവർക്ക് താൽപര്യമില്ലാതെ നിർബന്ധിച്ച് വിദേശ ഓൺ സൈറ്റ് തൊഴിലുകൾക്ക് കമ്പനി അധികൃതരും അയയ്ക്കുവാൻ പാടില്ല.

6) പ്രസ്തുത സാഹചര്യത്തിൽ 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം താഴെപ്പറയുന്ന ശുപാർശകൾ നൽകി മേൽ നമ്പർ കേസ് തീർപ്പാക്കി കമ്മീഷൻ ഉത്തരവാകുന്നു.

***എ) മുലയൂട്ടുന്ന കുട്ടികളുടെ അമ്മമാരായ ഐ.ടി കമ്പനി വനിതാ ജീവനക്കാരെ ഐ.ടി കമ്പനി അധികൃതർ നിർബന്ധിച്ച് വിദേശത്ത് ഓൺസൈറ്റ് ജോലിക്ക് അയക്കാൻ പാടില്ലെന്നും, ഏതെങ്കിലും കാരണത്താൽ ജീവനക്കാരികൾ സ്വമനസാലെ വിദേശത്ത് ഓൺ സൈറ്റ് ജോലിക്ക് പോകുവാൻ തയ്യാറാകുന്ന പക്ഷം ടി ജീവനക്കാരി ടിയാളുടെ കുട്ടിയുടെ ശ്രദ്ധയും, സംരക്ഷണം ഉറപ്പു വരുത്തുന്ന രീതിയിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കമ്പനികൾക്ക് രേഖാമൂലം എഴുതി നൽകേണ്ടതാണെന്നും, ആയത് ടിയാളുടെ സർവ്വീസ് ഫയലിൽ കമ്പനികൾ സൂക്ഷിക്കേണ്ടതാണെന്നും ഉള്ള നിർദ്ദേശം രണ്ടും മൂന്നും എതിർകക്ഷികൾ താന്താങ്ങളുടെ നിയന്ത്രണ പരിധിയിലുള്ള ഐ.ടി കമ്പനികൾക്ക് ഒരു സർക്കുലർ വഴി നൽകേണ്ടതും, ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന കമ്പനികൾക്കെതിരെ അന്വേഷണം നടത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.***

***ബി) രണ്ടും മൂന്നും എതിർകക്ഷികൾ പുറപ്പെടുവിക്കുന്ന സർക്കുലറിന്റെ കോപ്പി കമ്മീഷന് അയച്ചു നൽക്കേണ്ടതാണ്.***

കമ്മീഷന്റെ ഉത്തരവിൻമേൽ രണ്ടും മൂന്നും എതിർകക്ഷികൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 2021 ഏപ്രിൽ 30 നകം രണ്ടും മൂന്നും എതിർകക്ഷികൾ കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)
**ഫാ. ഫിലിപ്പ് പരക്കാട്ട്**
(മെമ്പർ)

**ഉത്തരവിൻ പ്രകാരം**

**പി. വി ഗീത**
(രജിസ്ട്രാർ)

*NAS/15/02/2021*